കേരള സർക്കാർ

# സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# പാമ്പാക്കുട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി9 ) 2058/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in
തീയതി : 03/12/2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്
(സെക്രട്ടറി മുഖേന)
പാമ്പാക്കട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :- പാമ്പാക്കട ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – പുറപ്പെടുവിക്കുന്നു

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാമ്പാക്കട ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പാമ്പാക്കട ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം ജില്ല
3) കാര്യാലയ പകർപ്പ്

നം.കെഎസ്എ-ഇകെഎം(പി 9)2058/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം

സിവിൽ സ്റ്റേഷൻ, കാക്കനാട്-68203
ഫോൺ : 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in
തീയതി : 03.12.2018

## എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 26.07.2017 മുതൽ 18.09.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എൻക്വയറികൾക്കും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണങ്ങൾക്ക് ലഭ്യമാക്കിയ മറുപടി പരിഗണിച്ച് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ജയ സി.ആർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി | 19.9.2018 മുതൽ 04.10.2018വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.രതീഷ് സി.ആർ. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.വിനീത് ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.തോമസ് എം. സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.സാജിത് റ്റി.വി., ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സുഷമ മാധവൻ | 1.4.2017 | 31.3.2018 |

| | | | |
|---|---|---|---|
| വൈസ് പ്രസിഡന്റ് | ശ്രീ.തങ്കച്ചൻ കുര്യാക്കോസ് | 1.4.2017 | 31.3.2018 |
| *സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൺസ്* | | | |
| വികസനകാര്യം | ശ്രീമതി. അമ്മിണി ജോർജ് | 1.4.2017 | 31.3.2018 |
| ക്ഷേമകാര്യം | ശ്രീ.സി.ബി.രാജീവ് | 1.4.2017 | 31.3.2018 |
| വിദ്യാഭ്യാസം &ആരോഗ്യകാര്യം | ശ്രീമതി.സിന്ധു ജോർജ് | 1.4.2017 | 31.3.2018 |

നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| സെക്രട്ടറി | ശ്രീ.സി.ആർ.കൃഷ്ണകുമാർ | 1.4.2017 | 7.9.2017 |
| | ശ്രീമതി.ജിത എം.നായർ | 8.9.17 | 14.11.2017 |
| | ശ്രീ.രവി കുമാർ എൻ | 15.11.2017 | 31.3.2018 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ജിത എം.നായർ | 1.4.2017 | 31.3.2018 |
| കൃഷി ഓഫീസർ | ശ്രീ വി.കെ.ചാക്കോച്ചൻ | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ജീന എസ്.മോഹൻ | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.സജേഷ് മാത്യൂ | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സജി ജോൺ | 1.4.2017 | 27.5.2017 |
| | ഡോ.റുവാൻ സാം. വി | 28.5.2017 | 31.3.2018 |
| ഐ.സി. ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.കൃഷ്ണ ശോഭ | 1.4.2017 | 31.3.2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പാമ്പാക്കട) | ശ്രീമതി. നിഷ പി.എം. | 1.4.2017 | 31.3.2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഓണക്കൂർ) | ശ്രീമതി. നീതു ജോൺസൺ | 1.4.2017 | 6.7.2017 |
| | ശ്രീമതി.ബിന്ദു മോൾ | 7.7.2017 | 31.3.2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (അഞ്ചൽപ്പെട്ടി) | ശ്രീ.കെ.സി.മോഹൻദാസ് | 1.4.2017 | 31.3.2018 |
| ഹെഡ് മാസ്റ്റർ GLPS | ശ്രീ ഷാജി ജോൺ | 1.4.2017 | 31.3.2018 |
| വെറ്റിനറി സർജൻ | ഡോ.ക്ലയർ ആർ.സിസിൽ | 1.4.2017 | 1.6.2017 |
| | ഡോ.സിന്ധു ബാലൻ | 2.6.2017 | 31.3.2018 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ദേവി രാമചന്ദ്രൻ | 1.4.2017 | 31.5.2017 |

| | | | |
|---|---|---|---|
| | ശ്രീമതി.റോസിലി തോമസ് | 1.6.2017 | 16.7.2017 |
| | ശ്രീമതി.ദേവി രാമചന്ദ്രൻ | 17.7.2017 | 8.10.2017 |
| | ശ്രീമതി.ഖദീജ ബീവി.കെ | 9.10.2017 | 31.3.2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.രാഗേഷ് എം. | 1.4.2017 | 31.3.2018 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നം |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | തൊഴിൽ നികുതി, ഡി. & ഒ. ലൈസൻസ് – സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. | 2-1 |
| 14 | വസ്തു നികുതി | 2-2 |
| | ഭാഗം- 3 | |
| 15 | ഭീമമായ വെള്ളക്കരം കുടിശ്ശിക - പഞ്ചായത്തിന് വൻ ബാധ്യത | 3-1 |
| 16 | സെന്റേജ് ചാർജ്ജ് തിരികെ ലഭിച്ചിട്ടില്ല | 3-2 |
| 17 | തടി ഉരുപ്പടികൾ ലേലം ചെയ്തില്ല. | 3-3 |
| 18 | NRHM - വേതന വിതരണം അപാകത | 3-4 |
| 19 | ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-5 |
| 20 | പത്രപരസ്യങ്ങൾ വലിപ്പം കൂട്ടി നൽകിയതുമൂലം അധികചെലവ് | 3-6 |
| 21 | അഡ്വാൻസ് കൈപറ്റിയശേഷം പണി യഥാസമയം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് | 3-7 |
| 22 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല - 34,330 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-8 |
| 23 | കംപ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 3-9 |
| 24 | ഐ.സി.ഡി.എസ്. കേന്ദ്ര ഷെയർ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ് | 3-10 |

| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
|---|---|---|
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 32 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 35 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2017-18 | അനുബന്ധം1 |
| 36 | ബാലൻസ് ഷീറ്റ് 2017-18 | അനുബന്ധം2 |
| 37 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2017-18 | |
| 38 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

28.03.2017തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 21.03.2018 തീയതിയിലെ 2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 21.5.2018 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 12-6-18 & 13-6-18 | കെ.എസ്.എ.ഇ.കെ.എം.<br>(പി.ജി.)1786(63)/2018.<br>തീയതി. 30.08.2018. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9619474 |
| വരവ് | 42266700 |
| ആകെ | 51886174 |

| | |
|---|---|
| ചെലവ് | 47626234 |
| നീക്കിയിരിപ്പ് | 4259940 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 9579000 | 9579000 | 8829846 | 749154 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 3991561 | 3991561 | 3845744 | 145817 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 158936 | 158936 | 158096 | 840 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 4855000 | 4855000 | 4855000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2591000 | 2591000 | 2591000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 4497864 | 4497864 | 4497864 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 1312439 | 1312439 | 1168345 | 144094 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | തൊഴിലാളികളുടെ കൂലി | 0 | 20756224 | 20756224 | 20756224 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1062 | 899854 | 900916 | 898238 | 2678 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| Total Sanitation Campaign | | 259328 | 3994 | 263322 | 152100 | 111222 |
| Sarva Siksha Abhiyan | | 79723 | 2765 | 82488 | 0 | 82488 |
| ICDS | | 1161975 | 881094 | 2043069 | 481044 | 1562025 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 60705 | 241250 | 301955 | 241250 | 60705 |
| | ജില്ലാ പഞ്ചായത്ത് | 71457 | 855000 | 926457 | 855000 | 71457 |
| ബി ഫണ്ട് | | 0 | 31815600 | 31815600 | 31815600 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 3937016 | 6301000 | 10238016 | 9201919 | 1036097 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 5463649 | 7409552 | 12833201 | 9824739 | 3008462 |
| | ട്രഷറി അക്കൗണ്ട് | 0 | 1015000 | 1015000 | 1015000 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 163 | 42136403 | 127 | 29691037 | 0 | 36 | 78 |

2017-18 സാമ്പത്തിക വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പ്രോജക്ടുകളുടെ എണ്ണം | നിർവ്വഹിച്ച പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 6 | 6 | 2641000 | 1970205 |
| 2 | വെറ്ററിനറി സർജൻ | 4 | 4 | 2852000 | 832000 |
| 3 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | 2 | 2 | 550000 | 550000 |
| 4 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 2 | 2 | 325000 | 325000 |
| 5 | മെഡിക്കൽ ഓഫീസർ - ആയുർവേദം | 3 | 3 | 340000 | 334030 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ | 15 | 15 | 6418280 | 4170222 |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 6 | 2864420 | 2491443 |
| 8 | സെക്രട്ടറി | 15 | 15 | 4885166 | 4648699 |
| 9 | ഹെഡ്മിസ്ട്രസ് | 5 | 5 | 611000 | 601500 |
| 10 | അസിസ്റ്റന്റ് എൻജിനീയർ(LSGD) | 90 | 54 | 18539312 | 11725471 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 510000 | 510000 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 14 | 14 | 1600225 | 1532467 |
| ആകെ | | 163 | 127 | 42136403 | 29691037 |

പദ്ധതി രൂപീകരണം

13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷിക പദ്ധതിക്കാലമായ 2017-18 വർഷം പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശപ്രകാരമുള്ള ആസൂത്രണ രീതികൾക്കനുസരിച്ച് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും കരട് വികസനരേഖ തയ്യാറാക്കുകയും ചെയ്തു. പദ്ധതിരൂപീകരണത്തിന്റെ തുടർ ഘട്ടങ്ങളിലും ബന്ധപ്പെട്ട മാർഗ്ഗരേഖാ ഉത്തരവിൽ (ജി.ഒ.(എം.എസ്) 72/2017 ത.സ്വ.ഭ.വ./29-3-2017) നിർദ്ദേശിച്ചിട്ടുള്ള പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെയും സ്റ്റേക്ക് ഹോൾഡേഴ്സിന്റേയും യോഗംചേരൽ, ഗ്രാമസഭകളുടെ സംഘാടനം, കരട് പദ്ധതിനിർദ്ദേശങ്ങൾ ക്രോഡീകരിക്കൽ, വികസനസെമിനാർ എന്നീ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണ കലണ്ടർ പ്രകാരം ചുവടെ വിവരിക്കും പ്രകാരമുള്ള വിവിധ ഘട്ടങ്ങൾ

നടത്തിയിട്ടുണ്ട്.

| | |
|---|---|
| ഗ്രാമസഭാപൂർത്തീകരണം | 20-04-17 മുതൽ 06-05-17 വരെയുള്ള വിവിധ തീയതികൾ |
| ഊരുകൂട്ടം | 2-5-17 (17 പേർ പങ്കെടുത്തു) |
| ഭിന്നശേഷി ഗ്രാമസഭ | 26-4-17 (142 പേർ പങ്കെടുത്തു) |
| വർക്കിങ്ങ് ഗ്രൂപ്പ് | 17-5-17, 18-5-17, 22-5-17 |
| നിർവ്വഹണ ഉദ്യോഗസ്ഥരുടേയും മെമ്പറുമാരുടേയും മീറ്റിങ്ങ് | മിനിറ്റ്സ് ബുക്ക് പരിശോധനയ്ക്ക് ലഭിച്ചില്ല. |
| ആസൂത്രണ സമിതി | 28-2-17 (21 പേർ പങ്കെടുത്തു) |
| വികസനസെമിനാർ | 29-5-17 (148 പേർ പങ്കെടുത്തു) |

പദ്ധതി അംഗീകാരം

പാമ്പാക്കുട ഗ്രാമ പഞ്ചായത്തിന്റെ 21-2-2018-ലെ തീരുമാനം 7 പ്രകാരം 2017-18 -ലെ അന്തിമ വാർഷികപദ്ധതി അംഗീകരിച്ച് തീരുമാനിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ 23.7.2018ലെ 41133/17 /DPC/DPO/EKM നമ്പർ തീരുമാനപ്രകാരം വാർഷികപദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചു. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 42136403/-രൂപയാണ് വാർഷിക പദ്ധതിക്കുവേണ്ടി വകയിരുത്തിയിരുന്നത്. സ്പിൽ ഓവർ പ്രോജക്ടുകളുൾപ്പെടെ ആകെ 163 പ്രോജക്ടുകൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചത്.

പദ്ധതിനിർവ്വഹണം

അംഗീകാരം കിട്ടിയ 163 പ്രോജക്ടുകളിൽ 127പ്രോജക്ടുകൾക്കുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. വാർഷികപദ്ധതിച്ചെലവ് 78% ആണ്.

വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തുന്നില്ല.

2017-18 വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ മിനിറ്റ്സ് രേഖപ്പെടുത്തലുകളിൽ പദ്ധതി മോണിറ്ററിംഗ് എന്ന ചുമതല വർക്കിംഗ് ഗ്രൂപ്പുകൾ ചെയ്യുന്നതായി രേഖപ്പെടുത്തലില്ല. കൃഷി സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പിന്റെ 22-05-17 ൽ കൂടിയ യോഗത്തിന്റെ തീരുമാനങ്ങളും, ചർച്ചാവിഷയങ്ങളും, ഗ്രൂപ്പ് നിർദ്ദേശിച്ച പ്രോജക്ടുകളും മിനിറ്റ്സിൽ രേഖപ്പെടുത്തി ആധികാരികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടു.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1062 | 899854 | 900916 | 898238 | 2678 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 20756224 | 20756224 | 20756224 | - |
| ആകെ | 1062 | 21656078 | 21657140 | 21654462 | 2678 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| പേര് | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 22200 | 38 |
| കർഷകതൊഴിലാളി പെൻഷൻ | 2489600 | 203 |
| വിധവാപെൻഷൻ | 7033200 | 593 |
| വാർദ്ധക്യകാല പെൻഷൻ | 18962300 | 1474 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2617300 | 231 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ വനിതകൾക്കുള്ള ധനസഹായം | 543000 | 46 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 60000 | 2 |
| ഉൽപാദന ബോണസ് | 88000 | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01-10-18ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2684/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന് ഐ.എസ്.ഓ. സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിലും, ആസ്തികളുടെ അക്കൗണ്ടിംഗ് പ്രക്രിയ പൂർത്തിയാക്കുന്നതിലും ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

13.1.2010 ലെ സർക്കുലർ നമ്പർ 58608 / ഡി.ബി 2/2009 ത.സ്വ.ഭവ പ്രകാരം ആസ്തിരജിസ്റ്ററുകൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷികധനകാര്യപത്രികയുടെ ഭാഗമാക്കി രേഖപ്പെടുത്തേണ്ടതാണ്. ആസ്തികളുടെ വിവരങ്ങൾ നാല് രജിസ്റ്ററുകളിലായി പത്ത് ഫോറങ്ങളിൽ യഥാക്രമം ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, ലെയ് നുകൾ, കലുങ്കുകൾ, പാലങ്ങൾ,

കുടിവെള്ളം, ജലസേചനം, വൈദ്യുതി, മാലിന്യസംസ്കരണം, ജംഗമവസ്തുക്കളുടെ വിവരണം, എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഇവ സൂക്ഷിച്ചിരിയ്ക്കുന്നത് സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചല്ല എന്ന് വ്യക്തമാണ്. ആസ്തിരജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. പുതിയതായി ആർജ്ജിച്ചതോ കൈയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തിരജിസ്റ്ററുകൾ നാളിതുവരെ പുതുക്കി സർക്കാർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം പരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.9.2018 | 2018 ആഗസ്റ്റ് | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.6.2009 | 2004-05 – 2008-09 | 20.7.2009 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 12.06.2018, 13.06.2018 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 30.08.2018-ലെ കെ.എസ്.എ.-ഇ.കെ..എം.(പിജി) -1786(63)/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് - സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നതിനും, ഡി & ഒ ട്രേഡ് ലൈസൻസ് നൽകേണ്ടതിനും അടിസ്ഥാനമാക്കേണ്ട സ്ഥാപനങ്ങളുടെ ആധികാരിക ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല. ഓരോ വർഷവും ലൈസൻസിനായി നൽകുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഓരോ വർഷത്തേക്കായി മാത്രം ലിസ്റ്റ് തയ്യാറാക്കുന്നു. ഡിമാന്റ് രജിസ്റ്റർ പ്രകാരം തൻവർഷം 263 സ്ഥാപനങ്ങളാണ് ഡി & ഒ ലൈസൻസിന് വേണ്ടി അപേക്ഷ നൽകിയത്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ (വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ, വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ്, ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ എന്നീ ഇനങ്ങളിൽ) വസ്തുനികുതി നിർണ്ണയിച്ച

പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിൽ നിന്നും 2017-18 വർഷം ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ വലിയ വ്യത്യാസം കാണുന്നു. സഞ്ചയ പ്രകാരം 1069 - ഓളം കെട്ടിട മുറികൾ മേൽ ആവശ്യങ്ങൾക്കായി വസ്തുനികുതി ഡിമാൻഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്യപ്പെടുന്ന സ്ഥാപങ്ങളുടെ എണ്ണത്തിലും ഇതേ അപാകത നിലനിൽക്കുന്നു. 1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമം സെക്ഷൻ 205 (ബി) പ്രകാരം കെട്ടിട ഉടമകൾക്ക് കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ സ്ഥാപനം സ്വീകരിച്ചിട്ടില്ല, നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് സ്ഥാപനങ്ങളുടെ സമഗ്രമായ ലിസ്റ്റ് തയ്യാറാക്കി ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളെയും ഡി & ഒ ലൈസൻസ്, തൊഴിൽ നികുതി എന്നിവയുടെ പരിധിയിൽ കൊണ്ടുവരേണ്ട വിഷയം ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവരുടെ ശ്രദ്ധയിൽ പെടുത്തുന്നു. ഇപ്രകാരം ഒരു ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് എന്നിവയുടെ ഡിമാന്റിൽ സംഭവിച്ച അപാകതകൾ താഴെ ചേർക്കുന്നു. 2-1(a), 2-1(b).

2-1(a) തൊഴിൽ നികുതി ഡിമാൻഡ് ചെയ്തിട്ടില്ല : -

തൊഴിൽ നികുതി രജിസ്റ്ററിൽ 63 സ്ഥാപനങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതേ സമയം ഡി & ഒ ലൈസൻസ് രജിസ്റ്ററിൽ ഉള്ള ചില സ്ഥാപനങ്ങൾ തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല. ചില സ്ഥാപനങ്ങൾ ലൈസൻസ് അപേക്ഷയിൽ പറഞ്ഞിരിക്കുന്ന തൊഴിലാളികളുടെ എണ്ണവും തൊഴിൽ നികുതിയും പൊരുത്തപ്പെടുന്നില്ല. വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ.നം | സ്ഥാപനത്തിന്റെ പേര് | തൊഴിലാളികളുടെ എണ്ണം | തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി അടച്ച തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | കൊള്ളിൻ റെഡിമെയ്ഡ്സ് | 10 | 0 |
| 2 | സൺ പവർ കൺട്രോൾ | 9 | 4 |
| 3 | ഒമേഗ എഞ്ചിനീയറിംഗ് &കോൺട്രാക്റ്റ്സ് | 3 | 0 |
| 4 | ജോഹാൻ ഫ്യൂവൽസ് | 5 | 0 |

ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2-1(b) ഡി & ഒ ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു : -

തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന ചില സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് പുതുക്കിയതായി രജിസ്റ്ററിൽ കാണുന്നില്ല.

1. BRMS Co. ഗാർമെന്റ്സ്
2. ഹോട്ടൽ ഗ്രീൻപാലസ്
3. ലീല ഇലക്ട്രിക്കൽസ്

ടി സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതും ലൈസൻസ് പുതുക്കാതെയാണ് പ്രവർത്തിക്കുന്നതെങ്കിൽ ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-2 വസ്തു നികുതി

2011 -ലെ കേരളാ പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ - ചട്ടം 26, പ്രകാരം ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകളുടെ പരിപാലനം എന്നിവയ്ക്കായി ഗ്രാമപഞ്ചായത്തിന് സേവന ഉപ നികുതി ചുമത്താവുന്നതാണ്. ഗ്രാമപഞ്ചായത്തിന് ഈ ഇനങ്ങളിൽ ഭീമമായ തുക പ്രതിവർഷം ചെലവഴിക്കേണ്ടി വരികയും ചെയ്യുന്നു. തനത് ഫണ്ടിൽ നിന്നും ഈ ഇനത്തിൽ തുക ചെലവഴിക്കുവാൻ സാധിക്കാത്തതിനാൽ മെയിന്റനൻസ് ഗ്രാന്റ് വരെ ഉപയോഗിച്ചാണ് ഗ്രാമപഞ്ചായത്ത് ഈ ചെലവുകൾ നിർവ്വഹിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം കുറവായിട്ടും വസ്തു നികുതിയിന്മേൽ സേവന ഉപ നികുതി ഈടാക്കുന്നതിന് സാധിച്ചിട്ടില്ല. കുറഞ്ഞ സേവന ഉപ നികുതി നിരക്കായ 10 % നിരക്ക് ഈടാക്കിയാൽ തന്നെ വലിയ തുക വരുമാനം ലഭിക്കുന്നതാണ്. സേവന ഉപനികുതി ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിലേക്കായി ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഭീമമായ വെള്ളക്കരം കുടിശ്ശിക - പഞ്ചായത്തിന് വൻ ബാധ്യത

പഞ്ചായത്തിൽ വാട്ടർ ചാർജ്ജിനത്തിൽ വൻ തുക കുടിശ്ശിക നിലനിൽക്കുന്നു. കേരള വാട്ടർ അതോറിറ്റിയുടെ 04/2017 ലെ ബിൽ പ്രകാരം മുൻബാക്കി 20681573 /- രൂപയായിരുന്നു. ടി തുകയ്ക്ക് 2% ഫൈൻ ഓരോ മാസവും ചുമത്തുന്നുണ്ട് അതു വഴി അടയ്ക്കാൻ ബാക്കി നില്ക്കുന്ന തുകയിൽ സാരമായ വർദ്ധനവ് ഉണ്ടാകുന്നതായി കാണുന്നു. 03/2018 ൽ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പ്രോജെക്റ്റ് നം. 10/2018 പ്രകാരം 839199/- രൂപ കുടിശ്ശിക ഇനത്തിൽ അടച്ചതായി കാണുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക 12434651/- ആയി കുറച്ചിരുന്നു. എന്നാൽ കുടിശ്ശിക തുക മുഴുവനും ഒറ്റ തവണയായി അടയ്ക്കുവാൻ ഗ്രാമ പഞ്ചായത്തിന് സാധിക്കാതെ വന്നതിനാൽ ടി ആനുകൂല്യം റദ്ദാക്കുകയും 08/2018 ലെ ബിൽ മുതൽ കുടിശ്ശിക 27947830/- രൂപ ആയി പുനഃസ്ഥാപിക്കുകയും ചെയ്തു. ഫൈൻ ഇനത്തിൽ 553686/- രൂപയും അവശേഷിക്കുന്നു. എന്നാൽ 03/2018 ൽ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പ്രോജെക്റ്റ് നം 10/2018 പ്രകാരം അടച്ച 839199/- രൂപ 02/18 ലെ കുടിശ്ശികയിൽ ഉൾപ്പെടുത്തി എന്ന് വാട്ടർ അതോറിറ്റി കത്ത് നൽകിയിട്ടുണ്ടെങ്കിലും എപ്രകാരം ക്രമീകരിച്ചു എന്നത് സംബന്ധിച്ച് കൃത്യമായ കണക്കുകൾ ലഭ്യമാക്കിയിട്ടില്ല. മുൻ കാലയളവുകളിലെ (10/2017 വരെ) വെള്ളക്കരം കൃത്യമായി അടയ്ക്കാത്തതിനാലും, KWA - യുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തനരഹിതമായ ടാപ്പുകൾ ഒഴിവാക്കാത്തതുകൊണ്ടും,നിർത്തൽ ചെയ്യേണ്ടവ ഡിസ്കണക്ട് ചെയ്യുന്നതിന് യഥാ സമയം നടപടി സ്വീകരിക്കാത്തതിനാലുമാണ് ഇപ്രകാരം വാട്ടർ ചാർജ്ജിനത്തിൽ ഭീമമായ തുക കുടിശ്ശിക വരുവാനും ടി തുകയുടെ ഫൈൻ ഉൾപ്പെടെ ബാലൻസ് തുക വർദ്ധിയ്ക്കുവാനും ഇടയാക്കിയതെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

ആയതിനാൽ 03/2018 ൽ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും അടച്ച തുക ക്രമീകരിക്കുന്നതിനും, സംയുക്ത പരിശോധന നടത്തി പ്രവർത്തനരഹിതമായ ടാപ്പുകൾ ഒഴിവാക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനും ഈ വിഷയം പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 3-2 സെന്റേജ് ചാർജ്ജ് തിരികെ ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | പ്രോജക്ട് നമ്പർ - 3/18,<br>വിവിധ വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ |
| ആകെ അടങ്കൽ | 10,00,000 രൂപ |

| | |
|---|---|
| ചെലവു വിവരം | 9,30,000 രൂപ,<br>ബിൽ നമ്പർ -13/17-18 തീയതി.17-11-2017.<br>70,000 രൂപ,<br>ബിൽ നമ്പർ -25/17-18 തീയതി.07-03-2018 |

സെക്രട്ടറി നിർവ്വഹണം നടത്തിയ മുകളിൽ പറഞ്ഞിരിക്കുന്ന വിവിധ വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പ്രോജക്ടുകൾക്കായി കേരള വാട്ടർ അതോറിറ്റി 10,00,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നല്കിയതിൽ 12.5% തുകയായ 1,11,024.55 രൂപ (103324.98 + 7699.57) സെന്റേജ് ചാർജ്ജ് ഇനത്തിൽ ഉൾപ്പെട്ടിരുന്നു. എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് ഇതിൽ 2.5% സെന്റേജ് ചാർജ്ജ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാവുന്നതല്ലായെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 16.04.2018ലെ സർക്കാർ ഉത്തരവ് (സാധാ) 1069/2018 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ വാട്ടർ അതോറിറ്റിയിൽ അടവാക്കിയ സെന്റേജ് ചാർജ്ജ് 1,11,024.55 രൂപയിൽ 2.5% ആയ 22224/- രൂപ തിരകെ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ബിൽ നമ്പർ -13/17-18 പ്രകാരം നല്കിയ (9,30,000 രൂപ എസ്റ്റിമേറ്റ് വെച്ച് ചെയ്ത) പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടുള്ളതിൽ 154402 രൂപ വാട്ടർ അതോറിറ്റിയുടെ കൈവശം ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക തിരികെ ഈടാക്കേണ്ടതാണ്. കരാറിൽ വ്യക്തമാക്കിയിട്ടുള്ള പ്രകാരം ഈ പ്രവൃത്തിയുടെ ഫൈനൽ ബില്ലിന്റെ പകർപ്പും പെർഫോമൻസ് റിപ്പോർട്ടും വാട്ടർ അതോറിറ്റിയിൽനിന്ന് ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ബിൽ നമ്പർ -25/17-18 പ്രകാരം നല്കിയ (70,000 രൂപ എസ്റ്റിമേറ്റ് വെച്ച് ചെയ്ത) പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം, ഫൈനൽ ബില്ലിന്റെ പകർപ്പ്, പെർഫോമൻസ് റിപ്പോർട്ട് എന്നിവ വാട്ടർ അതോറിറ്റിയിൽ നിന്ന് നാളിതുവരെ ലഭിച്ചിട്ടില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ മേൽപ്പറഞ്ഞ പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭിക്കാൻ അവശേഷിക്കുന്നതും, വാട്ടർ അതോറിറ്റിയിൽ നിന്ന് തിരികെ ലഭിക്കാൻ അവശേഷിക്കുന്നതുമായ 224402/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 തടി ഉരുപ്പടികൾ ലേലം ചെയ്തില്ല

പ്രോ. നം. S0187/18- ഗവ. യു.പി.എസ് ഓണക്കൂർ നോർത്ത് -കെട്ടിട നവീകരണം - രണ്ടാം ഘട്ടം

നിർവ്വഹണ ഉദ്യോഗസ്ഥൻ :- അസി. എഞ്ചിനീയർ

ടി പ്രവർത്തിയിലെ ഇനം-2 പ്രകാരം കെട്ടിടത്തിന്റെ മേൽക്കൂരയിലെ തടി കൊണ്ടുള്ള പട്ടിക, കഴുക്കോൽ മുതലായവ പൊളിച്ചുമാറ്റി സ്റ്റീൽ ബിൽറ്റ്അപ്പ് സെക്ഷൻ നിർമിച്ചിട്ടുണ്ട്. എന്നാൽ പൊളിച്ചുമാറ്റിയ പഴയ തടി ഉരുപ്പടികൾ ലേലം ചെയ്തതായോ, തുക കോൺട്രാക്ടറിൽ നിന്ന് ഈടാക്കിയതായോ കാണുന്നില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് മറുപടിയായി ടി ഉരുപ്പടികൾ ഉപയോഗ ശൂന്യമായിരുന്നുവെന്നാണ് നിലവിലെ എഞ്ചിനീയർ മറുപടി നൽകിയിട്ടുള്ളത്. എന്നാൽ എം ബുക്കിലോ, ബില്ലിലോ ടി വിവരങ്ങൾ രേഖപ്പെടുത്തിയിരുന്നില്ല. ഇപ്രകാരമുള്ള വിവരങ്ങൾ അളവുകൾ രേഖപ്പെടുത്തിയ സമയത്ത് തന്നെ എം ബുക്കിൽ രേഖപ്പെടുത്തേണ്ടിയിരുന്നു. ടി അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 NRHM - വേതനവിതരണത്തിലെ അപാകത

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പാമ്പാക്കുട NRHM ഹോമിയോ ഡിസ്പെൻസറിയിലെ അറ്റൻഡറുടെ വേതനം നിലവിൽ എല്ലാ മാസവും പഞ്ചായത്ത് ഫണ്ടിൽ നിന്നും നേരിട്ട് നൽകുന്ന

രീതിയാണ് തുടർന്ന് വരുന്നത്. എന്നാൽ 28/12/2012- ലെ GO (Rt) No. 3604/2012/LSGD നമ്പർ ഉത്തരവ്, 06/02/2013- ലെ GO(Rt)No. 328/2013/LSGD നമ്പർ ഉത്തരവ് എന്നിവ പ്രകാരം തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും ടി ജീവനക്കാർക്ക് വേതനം നേരിട്ട് നൽകുന്നതിന് പകരം NRH മിഷന്- ന് തുക അനുവദിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ആയതിനാൽ സർക്കാർ ഉത്തരവിലെ നിർദ്ദേശം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

സമൂഹത്തിലെ ഏറ്റവും ദുർബലരും സമൂഹത്തിന്റെ കൈത്താങ്ങ് ആവശ്യവുമായ ജനവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കുന്ന ആശ്രയ പദ്ധതിയുടെ ലക്ഷ്യങ്ങൾ പൂർണമായി നിറവേറ്റുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ലായെന്ന് കാണുന്നു. ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ട പ്രോജക്ടിന് 2009 സാമ്പത്തിക വർഷം അനുമതി ലഭിച്ചിരുന്നു. കൂടാതെ ആശ്രയ രണ്ടാം ഘട്ടം പ്രോജക്ടിന്, 2015 ലും അംഗീകാരം ലഭിച്ചിരുന്നു. ആശ്രയ ഒന്നാംഘട്ട തുടർസേവന പ്രോജക്ടിന് നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. അംഗീകാരം ലഭ്യമാകുന്നതിനുള്ള നടപടികൾ അടിയന്തിരമായി നടപ്പാക്കേണ്ടതാണ്.

ആശ്രയ പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരം 20.04.2011 -ൽ ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ 107550/- രൂപ നിലവിലും ചെലവഴിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. ടി തുക ഏത് ആവശ്യത്തിന് നൽകിയതാണെന്ന് വ്യക്തമല്ല. ടി തുക അനുവദിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ കണ്ടെത്തി തുക ചെലവഴിക്കുകയോ അല്ലാത്ത പക്ഷം തിരികെ അടയ്ക്കുകയോ ചെയ്യേണ്ടതാണ്.

ആശ്രയ ഒന്നാം ഘട്ട പ്രോജക്ടിൽ ഭവനനിർമാണം ആവശ്യമായ 37 ഗുണഭോക്താക്കളിൽ 16 പേർക്കും, രണ്ടാം ഘട്ട പ്രോജക്ടിൽ ഭവനനിർമാണം ആവശ്യമായ 34 ഗുണഭോക്താക്കളിൽ 8 പേർക്കും മാത്രമാണ് വീടുകൾ നൽകുവാൻ നാളിതുവരെ കഴിഞ്ഞത്. രണ്ടാം ഘട്ട പ്രൊജക്ടിലെ വളരെയധികം ഗുണഭോക്താക്കൾക്ക് കുടിവെള്ള സ്രോതസ്സ്, വീട് റിപ്പയർ എന്നിവയും ലഭ്യമാക്കുവാൻ അവശേഷിക്കുന്നു.

മറ്റ് വിഭാഗങ്ങളേക്കാൾ ഏറ്റവും മുൻഗണന ആവശ്യമുള്ള ആശ്രയ ഗുണഭോക്താക്കൾക്ക് ആവശ്യമായ സേവനങ്ങൾ സമയബന്ധിതമായും അടിയന്തിരമായും നടപ്പാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 പത്രപരസ്യങ്ങൾ വലിപ്പം കൂട്ടി നൽകിയതുമൂലം അധികചെലവ്

പൊതുഭരണ (ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് -ഡി) വകുപ്പ് (അച്ചടിച്ചത്) 01/04 ഐ ആന്റ് പി ആർ, 01-01-04 ലെ ഉത്തരവ്, 21-06-04 ലെ 7441/ഡി-1/04 ഐ ആന്റ് പി ആർ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ വിൻഡോ രൂപത്തിൽ, 8കോളംX 3cm (8x3 = 24sqcm) വലുപ്പത്തിൽ മാത്രമായിരിക്കണം. പരസ്യത്തിന്റെ പൂർണ്ണരൂപം ലഭ്യമാകുന്നതിന് സർക്കാർ വെബ്സൈറ്റ് പരിശോധിക്കേണ്ടതോ, അല്ലെങ്കിൽ പഞ്ചായത്ത് ഓഫീസിൽ നിന്നും നേരിട്ട് ലഭ്യമാക്കേണ്ടതോ ആണ്. എന്നാൽ പഞ്ചായത്തിൽ പത്രപരസ്യങ്ങൾ വലിപ്പം കൂട്ടി നൽകിയതുമൂലം അധികചെലവ് ഉണ്ടായിട്ടുണ്ട്.

1. ബിൽ നം. 509/17-18 /04.10.17 8 col x 6 cm 21-06-17 ൽ മംഗളം ദിനപത്രത്തിൽ നൽകിയ പരസ്യം
2. പ്രോ. നം.SO02/18, 07-10-17 ൽ മംഗളം ദിനപത്രത്തിൽ നൽകിയ പരസ്യം - 8 col x 5 cm
3. പ്രോ. 3. നം.SO02/18, 20-08-17 ൽ മംഗളം ദിനപത്രത്തിൽ നൽകിയ പരസ്യം - 8 col x 6 cm
4. പ്രോ. നം.SO02/18, 02-09-17 ൽ മംഗളം ദിനപത്രത്തിൽ നൽകിയ പരസ്യം - 12.2 col x 8 cm
5. പ്രോ. നം.SO02/18, 05-10-17 ൽ ഇന്ത്യൻ എക്സ് പ്രസ്സ് ദിനപത്രത്തിൽ നൽകിയ പരസ്യം - 8 col x 5 cm

6. പ്രോ. നം.SO02/18, 17-11-17 ൽ ഇന്ത്യൻ എക്സ് പ്രസ്സ് ദിനപത്രത്തിൽ നൽകിയ പരസ്യം - 8 col x 5 cm

ഈ വിഷയം സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് മറുപടിയായി ടി അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പരസ്യങ്ങൾ പ്രസിദ്ധീകരണത്തിന് നൽകുമ്പോൾ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 അഡ്വാൻസ് കൈപറ്റിയശേഷം പണി യഥാസമയം പൂർത്തീകരിക്കാത്തത് സംബന്ധിച്ച്

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ വീട് വാസയോഗ്യമാക്കൽ പ്രോജക്ട് നമ്പർ 73/2018, 74/2018 എന്നിവ പ്രകാരം 76 ഗുണഭോക്താക്കൾ വീട് വാസയോഗ്യമാക്കി തുക കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന 2 ഗുണഭോക്താക്കൾ അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും പണി പൂർത്തിയാക്കി ബാക്കി തുക നാളിതുവരെ കൈപ്പറ്റിയിട്ടില്ല.

| ക്രനം | ഗുണഭോക്താവിന്റെ പേര് /വിലാസവും | കൈപ്പറ്റിയ തുക |
|---|---|---|
| 1. | സുബ്രമണ്യൻ എം പി<br>മൂലേപ്പറമ്പിൽ<br>ഓണക്കൂർ പി. ഒ | 10000 |
| 2 | കൗസല്യ മണിയൻ<br>കിരാതമംഗലത്ത്<br>പെരിയപ്പുറം. പി. ഒ | 20000 |

ടി ഗുണഭോക്താക്കൾക്ക് പണി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകേണ്ടതും അല്ലാത്ത പക്ഷം നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 3-8 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല - 34,330 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 34,330 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | പ്രോജക്ട് നമ്പർ - 4/18, ഐ.കെ.എം. വിഹിതം അടവാക്കൽ |
| ചെലവു വിവരം | 34,330 രൂപ, ബിൽ നമ്പർ -5/17-18 തീയതി.25-7-2018. |

## 3-9 കംപ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്ത് 2017-18 വാർഷിക പദ്ധതിയിൽപെടുത്തി ലാപ് ടോപ്പ് ഉൾപ്പടെയുള്ള ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഇവ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും സെക്രട്ടറി ഒപ്പുവെച്ച് ആധികാരികമാക്കിയിട്ടില്ല. കൂടാതെ 24.09.10 -ലെ സർക്കുലർ നമ്പർ 86/2010 /ഫിൻ പ്രകാരം കംപ്യൂട്ടർ/ അനുബന്ധഉപകരണങ്ങൾ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ നിർബന്ധമാക്കിയിട്ടുണ്ടെങ്കിലും ടി ഉപകരണങ്ങൾ ഇപ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്ററിൽ

ചേർത്തിട്ടില്ല. ആയതിനാൽ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ കമ്പ്യൂട്ടറുകളുടെയും, അനുബന്ധ ഉപകരണങ്ങളുടെയും, സോഫ്റ്റ്‌വെയറുകളുടെയും വിവരങ്ങൾ നിശ്ചിത മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 3-10 ഐ.സി.ഡി.എസ്. കേന്ദ്ര ഷെയർ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 17 അങ്കണവാടികളിൽ 4 എണ്ണം നിലവിൽ സ്വന്തമായി കെട്ടിടമില്ലാത്തതും, 12 അങ്കണവാടികൾ ബേബി ഫ്രണ്ടിലി ടോയിലറ്റ് സൗകര്യം ഇല്ലാത്തതുമാണ്. പഞ്ചായത്തിന്റെ 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് (ബി-4 ഷെഡ്യൂൾ) പ്രകാരം ഐ.സി.ഡി.എസ്. കേന്ദ്ര ഷെയർ ഇനത്തിൽ 15,62,025 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുക അങ്കണവാടി കെട്ടിട നിർമ്മാണത്തിനായും അടിസ്ഥാന സൗകര്യ വികസനത്തിനായും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 03-09-2010 ലെ 39033/ഡിസി2/10 നമ്പർ സർക്കുലറിൽ പറഞ്ഞിരിക്കുന്ന പ്രകാരം ചെലവഴിക്കേണ്ടതാണ്. കൂടാതെ, അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഉള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഞ്ചായത്ത് ഡയറക്ടറുടെ 23.05.17 -ലെ A1/10034/2016 -ാം നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് MGNREGS പദ്ധതിയിൽനിന്നും 5 ലക്ഷം രൂപയും, കേന്ദ്ര ICDS പദ്ധതിയിൽനിന്നും 2 ലക്ഷം രൂപയും ഉൾപ്പടെ 7 ലക്ഷം രൂപ ചെലവഴിക്കുന്നതിനും, തികയാതെ വരുന്ന തുക ഗ്രാമ / ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ ഫണ്ട് ഉപയോഗിക്കുന്നതിനും 12.01.2016 ലെ GO(Rt) No. 116/2016/LSGD നമ്പർ ഉത്തരവ്, 27.01.2017 - ലെ GO(Rt) No.223/2017/LSGD നമ്പർ ഉത്തരവ് എന്നിവയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ടി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അങ്കണവാടികൾക്ക് കെട്ടിടം പണിയുന്നതിനുള്ള അടിയന്തിര നടപടികളും സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 160000 | പാലിന് ഇൻസന്റീവ് | 160000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 81250 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 81250 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 175000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 175000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 680000 | നെൽകൃഷിക്ക് കൂലിചെലവ് | 680000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുക

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | | 1000000 | 775598 | 224402 |
| കുടുംബശ്രീ | തെരുവുനായ വന്ധ്യം കരണം | | 105000 | 105000 | - |

പ്രവൃത്തി പൂർത്തിയാക്കുന്നതിന്ന വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ /വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭ ത്തിൽതിരി ച്ചടയ്ക്കാൻ ബാക്കി യുണ്ടാ യിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനനിർമ്മാണം | സ.ഉ.നം 276/2010/ ത.സ്വ.ഭ.വ./ 27.01.2010 | 10755000 | 3226500 | 1327380 | - | 1899120 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

വാർഷിക കണക്കുകൾ പ്രകാരം തൻ വർഷം ഈ ഇനത്തിൽ വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക – ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | 2011-12 2012-13 | 3-6 (2011-12) | Dr.Sindu Balan Veterinary Surgeon | KSA.9582/ SPL. CELL/ CSC/C2/15 DTD 5/11/2015 | 3272 | 1261 (117110100003 DTD 1/4/2017, 750/- (117110100070 dtd 7/4/2017) | 0 | 0 | 0 | 2011 | 0 | 11611101230 dtd 24/3/2017 പ്രകാരം 1261/-രൂപ അടവാക്കിയിട്ടുണ്ട് (2016-17) |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 42266700 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 47626234 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 258732 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി -യിലേയും സി -യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വരവ് നഷ്ടം | ചെലവ് നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| ഇല്ല. | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 224402 | ശ്രീ.രവികുമാർ എൻ., സെക്രട്ടറി |
| 3-8 | 34330 | ശ്രീ.രവികുമാർ എൻ., സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീ.രവികുമാർ എൻ. | സെക്രട്ടറി, പാമ്പാക്കുട ഗ്രാമ പഞ്ചായത്ത് | പടിഞ്ഞാറേ കോട്ടയിൽ, വീട്, കുട്ടമശ്ശേരി, തോട്ടുമുഖം പി.ഒ., ആലുവ. |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|
| 1993-94 & 94-95 | എൽ.എഫ്.ഇ.(പി.2) 1163/96/ 21.02.1997 | |
| 1995-96 & 96-97 | എൽ.എഫ്.ഇ.(പി.1) 183/98/ 08.10.1998 | |
| 1997-98 (ചെലവ്) | എൽ.എഫ്.ഇ.(പി.2) 1158/01/ 12.1.2002 / 13.3.2002 | |
| 1998-99 | എൽ.എഫ്.ഇ.(പി.2) 712/03/ 25.08.1998 | |
| 1999-00 | എൽ.എഫ്.ഇ.(പി.2) 844/04/ 03.04.2004 | |
| 2000-01 & 2001-02(ചെലവ്) | എൽ.എഫ്.ഇ.(പി.2) 1664/04/ 25.10.2014 | |
| 2000-01(വരവ്) | എൽ.എഫ്.ഇ.(പി.1) 1466/07/ | |
| 2001-02 (വരവ്) | എൽ.എഫ്.ഇ.(പി.1) 1467/07/ | |
| 2002-03 | എൽ.എഫ്.ഇ.(പി.1) 1465/07/ | |
| 2003-04 | എൽ.എഫ്.ഇ.(പി.1) 1465/07/ | |
| 2004-05 | എൽ.എഫ്.ഇ.(പി.1) 50/09/ | |
| 2005-06 | എൽ.എഫ്.ഇ.(പി.9) 472/11/20.9.11 | |
| 2006-07 | എൽ.എഫ്.ഇ.(പി.9) 473/11/20.9.11 | |
| 2009-10 | എൽ.എഫ്.ഇ.(പി.9) 66/11/24.1.11 | |
| 2007-08, 08-09, 2010-11 | എൽ.എഫ്.ഇ.(പി.9) 1473/12/14.9.12 | |
| 2011-12 & 2012-13 | എൽ.എഫ്.ഇ.(പി.9) 14/2014/ 7.2.2014 | |
| 2013-14& 2014-15 | കെ.എസ്.എ.(പി.9)29/2016 | |
| 2015-16 | കെ.എസ്.എ.(പി.9) 2120/2016 /15.12.2016 | |
| 2016-17 | കെ.എസ്.എ.(പി.9) 1666/2017/22.11.2017 | |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### 2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല
3. ബി-5 ഷെഡ്യൂളിലെ സെക്യേർഡ് ലോൺ തുകയും, ബി-16 ലെ പ്രിപെയ്ഡ് പ്രോഗ്രാം എക്സ്പെൻസും പൊരുത്തപ്പെടുന്നില്ല.
4. എൻ.ആർ.ഇ.ജി.എസ് മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ് 9,00,916 /- രൂപയും ചെലവ് 3,91,606 /- രൂപയുമാണ്. ബാലൻസായി 5,09,310 /- രൂപയാണ് ചേർക്കേണ്ടതെങ്കിലും 2678 /- രൂപയാണ് RP 40(b) -യിൽ ബാലൻസായി ചേർത്തിരിക്കുന്നത്.
5. ബി-9 ഷെഡ്യൂളിൽ സപ്ലെയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്ന ഇനത്തിൽ 1,06,159 /- രൂപ വരവുണ്ടെങ്കിലും ഇത് രജിസ്റ്ററിൽ ചേർത്തിട്ടില്ല.
6. ബി-18 ഷെഡ്യൂളിൽ ടെമ്പററി അഡ്വാൻസ് ഫോർ ഓഫീഷ്യൽ പർപ്പസ് എന്ന ഇനത്തിൽ 1,25,923/- രൂപയാണ് ചേർത്തിരിക്കുന്നത്. 3829 /- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.
7. ബി-11 ഷെഡ്യൂളിൽ സീവേജ് & ഡ്രെയിനേജ് ഡിപ്രിസിയേഷൻ, വാട്ടർ വേയ്സ് ഡിപ്രിസിയേഷൻ -ആയി ചേർത്തിരിക്കുന്ന തുകകൾ 2016-17 AFS -ലെ തുകകൾ തന്നെയാണ്.

ഡെപ്യൂട്ടി ഡയറക്ടർ